**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3392** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുരാവസ്തുക്കളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ വ്യക്തികളുടെയും മറ്റും കൈവശത്തിലുള്ള പുരാവസ്തുക്കളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും മൂല്യം നിർണ്ണയിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും, കാലപ്പഴക്കം നിർണ്ണയിക്കുന്നതിനും 1972 ലെ കേന്ദ്ര നിയമമായ ' ദി ആൻറ്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്' ഉം അതിന്റെ 1973 ലെ ചട്ടങ്ങളുമാണുള്ളത് (The Antiquities & Art treasures Act 1972 & Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും, കാലപ്പഴക്ക നിർണ്ണയവും മറ്റും നടക്കുന്നത്. മേൽ ആക്ടിലെ റൂൾ 24 പ്രകാരം ഒരു വസ്തു പുരാവസ്തുവാണോ അല്ലയോ എന്ന കാര്യം നിർണ്ണയിക്കുന്നതിന് അധികാരമുള്ളത് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലിനോ അല്ലെങ്കിൽ ഇക്കാര്യത്തി ലേക്ക് അദ്ദേഹം ചുമതലപ്പെടുത്തിയ ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആണ്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും. മേൽ ആക്ട് പ്രകാരം ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന പുരാവസ്തു വകുപ്പിന് അധികാരമില്ലാത്തതിനാൽ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പുരാവസ്തു ശേഖരങ്ങളുടെ വിവരങ്ങൾ പ്രസിദ്ധീ കരിക്കുന്നതിനോ ആധികാരികത പരിശോധിക്കുന്നതിനോ കേരള പുരാവസ്തു വകുപ്പിന് ചട്ടപ്രകാരം നടപടികളൊന്നും സ്വീകരിക്കുവാൻ കഴിയുകയില്ല. |
| (ബി) | സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള പുരാവസ്തു ശേഖരങ്ങളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് അവയുടെ ആധികാരികത പരിശോധിക്കുന്നതിനും വെബ് പോർട്ടൽ അടക്കമുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും, കാലപ്പഴക്കം നിർണ്ണയിക്കുന്നതിനും 1972 ലെ കേന്ദ്ര നിയമമായ ' ദി ആൻറ്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്' ഉം അതിന്റെ 1973 ലെ ചട്ടങ്ങളുമാണുള്ളത് (The Antiquities & Art treasures Act 1972 & Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും, കാലപ്പഴക്ക നിർണ്ണയവും മറ്റും നടക്കുന്നത്. മേൽ ആക്ടിലെ റൂൾ 24 പ്രകാരം ഒരു വസ്തു പുരാവസ്തുവാണോ അല്ലയോ എന്ന കാര്യം നിർണ്ണയിക്കുന്നതിന് അധികാരമുള്ളത് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലിനോ അല്ലെങ്കിൽ ഇക്കാര്യത്തി ലേക്ക് അദ്ദേഹം ചുമതലപ്പെടുത്തിയ ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആണ്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും. മേൽ ആക്ട് പ്രകാരം ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന പുരാവസ്തു വകുപ്പിന് അധികാരമില്ലാത്തതിനാൽ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പുരാവസ്തു ശേഖരങ്ങളുടെ വിവരങ്ങൾ പ്രസിദ്ധീ കരിക്കുന്നതിനോ ആധികാരികത പരിശോധിക്കുന്നതിനോ കേരള പുരാവസ്തു വകുപ്പിന് ചട്ടപ്രകാരം നടപടികളൊന്നും സ്വീകരിക്കുവാൻ കഴിയുകയില്ല. |
| (സി) | പുരാവസ്തുക്കൾ വ്യാജമായി നിർമ്മിക്കുകയും വിപണനം നടത്തിയുള്ള തട്ടിപ്പുകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം തട്ടിപ്പുകൾ ഒഴിവാക്കുന്നതിനും തടയുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; പൊതുജനങ്ങൾക്ക് സംശയ നിവാരണത്തിനായി വാട്ട്സ് ആപ്പ് നമ്പരും ഫോൺ നമ്പരും പ്രസിദ്ധപ്പെടുത്താമോ; | (സി) | ഒരു വസ്തു പുരാവസ്തുവാണോ അല്ലയോ എന്ന കാര്യം തീർച്ചപ്പെടുത്താനുള്ള അധികാരം 1972 ലെ ദി ആൻറ്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്, റൂൾ 24 പ്രകാരം കേന്ദ്രപുരാവസ്തു വകുപ്പിന്റെ ഡയറക്ടർ ജനറലിനോ ഈ ആവശ്യത്തിലേക്ക് അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡയറക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആണ്. മേൽ ആക്ട് പ്രകാരം ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന പുരാവസ്തു വകുപ്പിന് അധികാരമില്ലാത്തതിനാലും ഈ വിഷയം പൂർണ്ണമായും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാലും പൊതുജനങ്ങളുടെ സംശയനിവാരണത്തിന് വാട്ട്സ് ആപ്പ് സംവിധാനം ഒരുക്കുകയും മറ്റും ചെയ്യുന്നത് പോലുള്ള വിഷയത്തിൽ കേരള പുരാവസ്തു വകുപ്പിന് പ്രത്യേക നടപടികളൊന്നും സ്വീകരിക്കാൻ കഴിയുകയില്ല. |
| (ഡി) | പുരാവസ്തു നിർണ്ണയരീതി എപ്രകാരമാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഒരു വസ്തു പുരാവസ്തുവാണോ അല്ലയോ എന്ന കാര്യം തീർച്ചപ്പെടുത്താനുള്ള അധികാരം 1972 ലെ ദി ആൻറ്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്, റൂൾ 24 പ്രകാരം കേന്ദ്രപുരാവസ്തു വകുപ്പിന്റെ ഡയറക്ടർ ജനറലിനോ ഈ ആവശ്യത്തിലേക്ക് അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡയറക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആണ്. മേൽ ആക്ട് പ്രകാരം ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന പുരാവസ്തു വകുപ്പിന് അധികാരമില്ലാത്തതിനാലും ഈ വിഷയം പൂർണ്ണമായും ആർക്കിയോളജിക്കൽ സർവ്വേ |

| | | | |
|---|---|---|---|
| | | | ഓഫ് ഇന്ത്യയുടെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാലും പൊതുജനങ്ങളുടെ സംശയനിവാരണത്തിന് വാട്ട്സ് ആപ്പ് സംവിധാനം ഒരുക്കുകയും മറ്റും ചെയ്യുന്നത് പോലുള്ള വിഷയത്തിൽ കേരള പുരാവസ്തു വകുപ്പിന് പ്രത്യേക നടപടികളൊന്നും സ്വീകരിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ